പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ T 597 — 27.10.2011 ൽ മറുപടിക്ക്

## സർക്കാർ സൈറ്റുകൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ സുരക്ഷാ ഓഡിറ്റിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സർക്കാരിന്റെ വിവിധ വെബ് സൈറ്റുകളിലേയ്ക്ക് നുഴഞ്ഞു കയറ്റം നടത്തി സൈറ്റുകൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. 2009 മാർച്ച് മുതൽ ഇതിനോടകം ഏകദേശം 148 സർക്കാർ വെബ് സൈറ്റുകൾ നുഴഞ്ഞു കയറ്റം മൂലം ദുരുപയോഗം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് പരിഹരിക്കുവാനായി എന്തെല്ലാം നടപടികളാണ് സൈബർ സെല്ലുകൾ എടുത്തിട്ടുള്ളത്; | (ബി) ഐ.ടി. വകുപ്പിന്റെ കീഴലുള്ള കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം - കേരള (സെർട്ട്-കെ) എന്ന സ്ഥാപനത്തിന്റെ സേവനം ഉപയോഗിച്ചുകൊണ്ട് സർക്കാരിന്റെ വിവിധ സൈറ്റുകളിലേക്കുള്ള നുഴഞ്ഞു കയറ്റം കണ്ടെത്തുകയും പരമാവധി പരിഹരിക്കുകയും ചെയ്യുന്നുണ്ട്. വെബ് സൈറ്റുകളും അതിനോടനുബന്ധിച്ചുള്ള സുരക്ഷാകാര്യങ്ങളും മറ്റും സൈബർ സെല്ലിന്റെ പരിധിയിൽ വരുന്നതല്ല. |
| (സി) സൈറ്റുകൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ സുരക്ഷാ ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) പരിഗണിക്കും. സുരക്ഷാ ഓഡിറ്റിങ്ങിനുള്ള പ്രാരംഭ നടപടികൾ ഇതിനോടകം നടത്തിക്കഴിഞ്ഞു. സ്റ്റേറ്റ് ഡാറ്റാ സെന്ററിലും മറ്റ് സർക്കാർ വെബ് സർവറുകളിലുമുള്ള വെബ് സൈറ്റുകളെപ്പറ്റിയും അതിന്റെ സാങ്കേതികത്വത്തെപ്പറ്റിയും മറ്റുമുള്ള വിശദമായ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് എത്രയും പെട്ടെന്ന് തന്നെ സുരക്ഷാ ഓഡിറ്റിങ്ങിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേരള സർക്കാരിന്റെ മിക്ക വെബ് സൈറ്റുകളും പല സർവറുകളിലായി സ്ഥാപിച്ചിട്ടുള്ളതിനാൽ ഒരു ഏകീകരണം സാധ്യമാകുന്നതിനുള്ള കാലതാമസമാണ് അനുഭവപ്പെടുന്നത്. ഇത് എത്രയും പെട്ടെന്ന് തന്നെ പരിഹരിക്കപ്പെടുന്നതുമാണ്. |

സെക്ഷൻ ഓഫീസർ